പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 174

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

published on 12/03/19

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 174

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

313/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 174

# 2018-ലെ ശമ്പളവും ബത്തകളും നൽകൽ (രണ്ടാം ഭേദഗതി) ബിൽ

## 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് വീണ്ടും ഭേദഗതിചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതിചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ ശമ്പളവും ബത്തകളും നൽകൽ(രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 8 എ വകുപ്പിന്റെ ഭേദഗതി.—1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ (1951-ലെ XIV) 8 എ വകുപ്പിൽ, (6)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് അവരുടെ ഔദ്യോഗിക കാലാവധിയിൽ അവരുടെ നിയോജകമണ്ഡലത്തിൽ ഒരു ഔദ്യോഗിക ലാന്റ് ലൈൻ ടെലഫോൺ കണക്ഷൻ നൽകേണ്ടതും പ്രസ്തുത കണക്ഷൻ അൺലിമിറ്റഡ് കാൾ/ഡാറ്റാ സ്കീമിന്റെ കീഴിലുള്ള പദ്ധതികൾ പ്രകാരം ആയിരിക്കേണ്ടതും ചാർജ്ജുകൾ സർക്കാരിനാൽ പരിധിയില്ലാതെ റീ ഇംബേഴ്സ് ചെയ്ത് നൽകേണ്ടതുമാണ്. ടെലഫോൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചാർജ്ജുകളും വാടകയും സർക്കാർ നൽകേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിലെ 8 എ വകുപ്പിന്റെ 3-ാം ഉപവകുപ്പ് പ്രകാരം സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവർ ഒഴികെയുള്ള നിയമസഭയിലെ ഓരോ അംഗത്തിനും അംഗം നിശ്ചയിക്കുന്ന അവരുടെ സാധാരണ താമസസ്ഥലത്ത് ഒരു ടെലഫോൺ അവരുടെ ഔദ്യോഗിക കാലാവധിയിലും അതിനുശേഷം 15 ദിവസത്തേക്കും നൽകേണ്ടതും, കൂടാതെ

8 എ വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ടെലഫോൺ സ്ഥാപിക്കുന്നതിന്റെ ചെലവും വാടകയും സർക്കാർ നൽകേണ്ടതുമാണ്. കൂടാതെ മറ്റ് ടെലഫോൺ ചാർജ്ജുകൾ നേരിടുന്നതിനുവേണ്ടി പതിനൊന്നായിരം രൂപയുടെ ടെലഫോൺ അലവൻസിനും അവർക്ക് അർഹതയുണ്ട്. എന്നാൽ പ്രസ്തുത ആക്റ്റ് പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് അവരുടെ ബന്ധപ്പെട്ട നിയോജകമണ്ഡലങ്ങളിൽ ഈ ടെലഫോൺ സൗകര്യം നൽകിയിട്ടില്ല. മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് അവരുടെ ഔദ്യോഗിക വസതിയിൽ ഒരു ഔദ്യോഗിക ടെലഫോൺ ഇപ്പോൾ സർക്കാർ നൽകുന്നുണ്ട്. ഒരു ഔദ്യോഗിക ടെലഫോൺ മന്ത്രിമാരുടെ നിയോജകമണ്ഡലത്തിൽ നൽകണമെന്നും കാൾ ചാർജ്ജുകൾ പരിധിയില്ലാതെ റീ ഇംമ്പേഴ്സ് ചെയ്യണമെന്നും കാണിച്ച് ധാരാളം അഭ്യർത്ഥനകൾ മന്ത്രിമാരുടെ ഓഫീസിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ബന്ധപ്പെട്ട നിയോജകമണ്ഡലത്തിലെ വസതിയിൽ ഔദ്യോഗിക ടെലഫോൺ അനുവദിക്കുന്നതിനായി 3-4-2017-ലെ സ.ഉ.(കൈ) നമ്പർ 132/2017/പൊ.ഭ.വ. പ്രകാരം സർക്കാർ എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കിയിട്ടുള്ളതാണ്. ആക്റ്റിൽ അനുയോജ്യമായ ഭേദഗതി വരുത്തിക്കൊണ്ട് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, എന്നിവർക്കു കൂടി ഈ ആനുകൂല്യം നൽകണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ് എന്നിവർക്ക് അവരുടെ ഔദ്യോഗിക കാലാവധിയിൽ അവരുടെ നിയോജക മണ്ഡലത്തിൽ ലാന്റ് ലൈൻ കണക്ഷനോടുകൂടിയ ഒരു ഔദ്യോഗിക ടെലഫോൺ നൽകുന്നതിനും കാൾ നിരക്കുകൾ പരിധിയില്ലാതെ റീ ഇംബേഴ്സ് ചെയ്യുന്നതിനുമായി 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ ഇതു നടപ്പിലാക്കുന്നതിനായി ഗണ്യമായ ഒരു തുക ആവർത്തക ചെലവായി ഉണ്ടാകുന്നതാണ്. ഉണ്ടായേക്കാവുന്ന യഥാർത്ഥ ചെലവ് ഈ ഘട്ടത്തിൽ കണക്കാക്കുവാൻ സാധിക്കുന്നതല്ല.

എ. കെ ബാലൻ.

(ശരി തർജ്ജമ)

# 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1951-ലെ XIV)

** ** ** **

8 എ. സൗകര്യങ്ങൾ.—(1) നിയമസഭയിലെ ഓരോ അംഗത്തിനും (സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മന്ത്രിമാർ എന്നിവരൊഴികെ) സർക്കാർ വക ടൂറിസ്റ്റ് ബംഗ്ലാവുകളിലും ഗസ്റ്റ് ഹൗസുകളിലും താമസിക്കുന്ന കാര്യത്തിൽ 10-ാം വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിൽ അനുവദിച്ചിട്ടുള്ള പ്രകാരമുള്ള ഇളവുകൾക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

** ** ** **

(6) ഇതിലേക്കായി ഉണ്ടാക്കിയേക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓരോ അംഗത്തിനും അപ്രകാരമുള്ള അംഗമെന്ന നിലക്ക് അയാളുടെ ചുമതലകൾ നിറവേറ്റുന്നതിന് അയാളെ സഹായിക്കുവാൻ, ഗവൺമെന്റിന്റെയോ തദ്ദേശാധികാര സ്ഥാനത്തിന്റെയോ ഗവൺമെന്റിന്റെ ഉടമയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷന്റെയോ ഗവൺമെന്റ് ഇതിലേക്കായി നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും അധികാര സ്ഥാനത്തിന്റെയോ സേവനത്തിലുള്ളതും ഗവൺമെന്റ് സെക്രട്ടേറിയറ്റ് അണ്ടർ സെക്രട്ടറിയുടെ തത്തുല്യ പദവിക്ക് താഴെയുള്ള അയാൾക്കിഷ്ടപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ സേവനം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥന്, ഗവൺമെന്റ് അണ്ടർസെക്രട്ടറിയുടെ തുല്യപദവിയിലോ അതിന് മുകളിലോ ഉള്ള സ്ഥാനക്കയറ്റത്തിനുശേഷവും അംഗത്തിന്റെ സേവനത്തിൽ തുടരുവാൻ അനുവദിക്കാവുന്നതാണ്.